# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3738

14.03.2017 — ൽ മറുപടിക്ക്

## റേഷൻ കടകളിൽ ബാങ്കിങ്ങ് സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻകടകളോടനുബന്ധിച്ച് ബാങ്കിങ്ങ് സേവനം നൽകാൻ ബാങ്കുകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യവകുപ്പ് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; | (എ) റേഷൻ കടകളോടനുബന്ധിച്ച് സേവനം ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ്, പഞ്ചാബ് നാഷണൽ ബാങ്ക്, ഫെഡറൽ ബാങ്ക് തുടങ്ങിയ ദേശസാൽകൃത ബാങ്കുകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യവകുപ്പ് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ട് . |
| (ബി) ഉണ്ടെങ്കിൽ ചർച്ചയിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണ്; | (ബി) റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിക്കുകയും ആധാർ സീഡിംഗ് പൂർത്തിയാക്കുകയും ചെയ്യുന്ന മുറയ്ക്ക് **Aadhaar Enabled Payment Service(Aeps)** മുഖേനയും, അതു വരെ പണരഹിത ഇടപാട് **(Cashless transactions)** രീതികളായ **USSD, UPI, e-wallet** മുതലായ സംവിധാനങ്ങൾ വഴി ഇടപാടുകൾ നടത്തുന്നതിനു വേണ്ടി പൊതുജനങ്ങൾക്കും റേഷൻ വ്യാപാരികൾക്കും പരിശീലനം നല്കുന്നതിനായി ബാങ്കേഴ്സ് സമിതി അവരുടെ ട്രെയിനിംഗ് പ്ലാൻ വകുപ്പിനെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ബാങ്കിങ്ങ് സേവനം നൽകാൻ റേഷൻ കടകളിൽ അടിസ്ഥാന സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) എ.ആർ.ഡി - ആട്ടോമേഷന്റെ ഭാഗമായി റേഷൻ കടകളിൽ ഇ-പോസ് മെഷീൻ/മൊബൈൽ ടെർമിനൽ വാങ്ങി വിന്യസിക്കുന്നതിനുള്ള ഇ-ടെണ്ടർ സപ്ലൈകോ മുഖാന്തിരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൊബൈൽ ടെർമിനൽ വഴി വിവിധ ബാങ്കിംഗ് സേവനങ്ങൾ സുഗമമായി (സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം ഉൾപ്പെടെ) ഗുണഭോക്താക്കൾക്ക് നൽകുന്നതിന് സാധ്യമാകും. കേന്ദ്ര സർക്കാർ/ ബാങ്കേഴ്സ് അസോസിയേഷന്റെ നിർദ്ദേശപ്രകാരമുള്ള **Micro ATM** സ്റ്റാൻഡേർഡ്സ് ഇ-പോസിന്റെ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ഭാവിയിൽ ബാങ്കിംഗ് കറസ്പോണ്ടൻസ്, മൈക്രോ എ.റ്റി.എം. മുതലായ മൂല്യ വർദ്ധിത സേവനങ്ങൾ റേഷൻ കടകൾ വഴി പൊതുജനങ്ങൾക്ക് നൽകുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ